**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 976** | **26-07-2021 - ൽ മറുപടിയ്ക്ക്**

**വടകര മണ്ഡലത്തിലെ തുറമുഖ വകുപ്പിന് കീഴിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് തുറമുഖവകുപ്പിന് കീഴിൽ വടകര നിയോജക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച വടകര പോർട്ടോഫീസ് കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ച് 05/11/2018-ൽ ഉദ്ഘാടനം നടത്തിയിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുള്ള ആകെ തുക എത്രയെന്ന് അറിയിക്കുമോ; | (ബി) | വടകര പോർട്ടോഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി 67,99,800 (അറുപത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി എണ്ണൂറ് രൂപ മാത്രം) രൂപ ചെലവായിട്ടുണ്ട്. |
| (സി) | വടകര മണ്ഡലത്തിൽ തുറമുഖ വകുപ്പിന് കീഴിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ; | (സി) | ക്വാർട്ടേഴ്സ് കോമ്പൗണ്ടിന് ചുറ്റമതിൽ, ഓഫീസിന് ചുറ്റമതിൽ എന്നീ പദ്ധതികളാണ് നിലവിൽ പരിഗണനയിലുള്ളത്. |
| (ഡി) | വടകരയിലെ ചോമ്പാൽ ഹാർബറിൽ എന്തൊക്കെ പ്രവൃത്തികളാണ് ഇനി നടപ്പാക്കാനുദ്ദേശിക്കുന്നത്; ഹാർബർ നവീകരണത്തിനും വിപുലീകരണത്തിനും പദ്ധതികളെന്തെങ്കിലും നിലവിലുണ്ടോ; | (ഡി) | ചോമ്പാൽ ഹാർബറിൽ തെക്കേ പുലിമുട്ടിലേക്ക് ഒരു പുതിയ റോഡ്, ഹാർബറിന്റെ വടക്കു ഭാഗത്ത് ഒരു വല റിപ്പയറിംഗ് ഷെഡ്, നിലവിലുള്ള ലേലപ്പുരയുടെ വടക്കു ഭാഗത്ത് ഒരു പുതിയ ലേലപ്പുര, വടക്കേ പുലിമുട്ടിനോടു ചേർന്ന ലോ ലെവൽ ജെട്ടി എന്നിവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ മത്സ്യഫെഡ് മുഖേന ഹാർബറിൽ ഒരു മണ്ണെണ്ണ ബങ്കും നിർമ്മിക്കാനുദ്ദേശിക്കുന്നു. ചോമ്പാൽ ഹാർബർ പരമ്പരാഗത ചെറു വള്ളങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിനായി നിർമ്മിച്ച ചെറിയ ഹാർബറാണ്. ആയതിനാൽ ഹാർബർ നവീകരണത്തിനും വിപുലീകരണത്തിനുമായി മറ്റ് പദ്ധതികളൊന്നും നിലവിലില്ല. |
| (ഇ) | ചോമ്പാൽ ഹാർബറിൽ നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി എന്തൊക്കെ ആധുനിക സജ്ജീകരണങ്ങളാണ് ഇനി സ്ഥാപിക്കാൻ കഴിയുക എന്ന് അറിയിക്കുമോ? | (ഇ) | ചോമ്പാൽ ഹാർബറിൽ ഇനി സ്ഥാപിക്കാൻ കഴിയുന്ന സജ്ജീകരണങ്ങൾ താഴെ കൊടുക്കുന്നു. ഹാർബറിൽ മൊത്തമായും CCTV സംവിധാനം മത്സ്യം കേട്കൂടാതെ സൂക്ഷിക്കാൻ കോൾഡ് സ്റ്റോറേജ് നിലവിലുള്ള ലേലപ്പുരകളുടെ മുൻ വശത്ത് വള്ളങ്ങളിൽ നിന്നും മത്സ്യം ഇറക്കുന്നതിനുള്ള റാമ്പ്. |

സെക്ഷൻ ഓഫീസർ